**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2305

08.12.2015-ലെ മറുപടിയ്ക്ക്

**സഹകരണ സ്ഥാപനങ്ങളിലെ സംവരണ ചട്ടം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും എത്രയെണ്ണമുണ്ട്; | (എ) സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ മേഖലകളിലുള്ള 14896 സംഘങ്ങളിൽ പ്രവർത്തിക്കുന്ന 11565 സഹകരണ ബാങ്കുകളും സഹകരണ സംഘങ്ങളും നിലവിലുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രയെന്നും വ്യക്തമാക്കുമോ; | (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ 42394 ജീവനക്കാരുണ്ട്. അതിൽ 3447 പേർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. |
| (സി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനത്തിൽ സംവരണ ചട്ടങ്ങൾ ഉറപ്പാക്കുവാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (സി) സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 80(4) പ്രകാരമുള്ള പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ ആവശ്യമായ സർക്കുലർ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. കൂടാതെ പട്ടികജാതി-പട്ടികവർഗ്ഗ സംവരണ പ്രാതിനിധ്യം കൃത്യമായി പാലിക്കപ്പെട്ടിട്ടില്ലാത്ത സഹകരണ സംഘങ്ങളിൽ ഇനിയുള്ള നിയമനങ്ങളിലൂടെ |

പട്ടികജാതി-പട്ടികവർഗ്ഗ സംവരണ അനുപാതം കൃത്യമായി പാലിക്കുംവിധം നിയമനം നടത്തി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക് ഭരണ സമിതിയെക്കൊണ്ട് തീരുമാനിമെടുപ്പിച്ച് തുടർ നടപടി സ്വീകരിച്ച് നിയമാനുസൃത സംവരണാനുപാതം കൃത്യമായി പാലിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നൽകിയിട്ടുണ്ട്.

(ഡി) നിയമനങ്ങളിൽ പി.എസ്.സി അനുശാസിക്കുന്ന സംവരണ നിയമങ്ങൾ പാലിക്കുന്നുവെന്നും എസ്.സി/എസ്.ടി പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ടെന്നും പരിശോധിക്കുവാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ?

(ഡി) പി.എസ്.സി മുഖേന നിയമനങ്ങൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ പി.എസ്.സി അനുശാസിക്കുന്ന സംവരണതത്വം പാലിച്ചാണ് പി.എസ്.സി തന്നെ നിയമന ശുപാർശ നൽകുന്നതും നിയമനങ്ങൾ നടത്തുന്നതും. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സംഘങ്ങളിലും എസ്.സി/എസ്.ടി പ്രാതിനിധ്യം ഉറപ്പാക്കുന്നതുൾപ്പെടെ സംഘങ്ങളുടെ എല്ലാവിധ ദൈനംദിന പ്രവർത്തനങ്ങളും പരിശോധിക്കുന്നതിന് വകുപ്പുതലത്തിൽ സ്ഥിരം പരിശോധന സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ